P.14.10.2026
HS/NV
12.30-12.40

**അനുബന്ധം**

<u>കുഴൽമന്ദം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആക്സിഡന്റ് ട്രോമാകെയർ സംവിധാനം ആരംഭിക്കുന്നത് സംബന്ധിച്ച് ശ്രീ. ടി. എം. ശശി എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ) നൽകിയ വിശദമായ മറുപടി</u>

18-06-2010 തീയതിയിലെ സ.ഉ(കൈ)നം. 660/2010/ആ.കു.വ. പ്രകാരം കുഴൽമന്ദം സി.എച്ച്.സി.-യിൽ ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ആയതിലേക്ക് 03 സ്റ്റാഫ് നഴ്സ്, 05 സ്പെഷ്യാലിറ്റി ഡോക്ടർ എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, 01-08-2021 ലെ സ.ഉ.(സാധാ) നം. 1633/21/ആ.കു.വ. പ്രകാരം കുഴൽമന്ദം സി.എച്ച്.സി-യെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമായി തിരഞ്ഞെടുത്തിട്ടുമുണ്ട്. നിലവിൽ കുഴൽമന്ദം സാമൂഹികാരോഗ്യകേന്ദ്രത്തിൽ അത്യാഹിത വിഭാഗം, കിടത്തി ചികിത്സ, ഒ.പി. വിഭാഗങ്ങൾ പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിൽ ദിവസേന ഏകദേശം എണ്ണൂറ്

രോഗികൾ ഒ.പി.യിലും പതിനഞ്ച് മുതൽ ഇരുപത് രോഗികൾ കിടത്തി ചികിത്സയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ നിലവിൽ 34 കിടക്കകൾ ആണ് ഉള്ളത്. ആയതിൽ എല്ലാ ദിവസവും ഏകദേശം ഇരുപതിൽ താഴെ കിടക്കകളിൽ രോഗികൾ ഉണ്ടായിരിക്കും.

കൂടാതെ ഈ ആശുപത്രി നാഷണൽ ഹൈവേയുടെ അരികിൽ സ്ഥിതി ചെയ്യുന്നതിനാൽ ധാരാളം ആക്സിഡന്റ് കേസുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ദിവസേന ശരാശരി അമ്പത്തിയഞ്ചോളം രോഗികൾ ഒബ്സർവേഷൻ യൂണിറ്റിൽ ചികിത്സയ്ക്കായി വരാറുണ്ട്. ഒരു മാസത്തിൽ കാഷ്വാലിറ്റിയിൽ വരുന്ന രോഗികളിൽ ഏകദേശം മൂന്നൂറ്റിപതിനഞ്ചോളം രോഗികൾ ഗുരുതരമായ പരിക്ക് പറ്റി വരുന്നവരാണ്. അവരിൽ തന്നെ ട്രോമാ പരിക്ക് പറ്റിയവർ ഇരുന്നൂറ്റി അറുപതോളം വരുന്നുണ്ട്. ഇവരിൽ ഹൃദയ സംബന്ധമായ അടിയന്തര സാഹചര്യങ്ങളിൽ മുപ്പത്തിയഞ്ചോളം രോഗികളും ഉണ്ടാകുന്നുണ്ട്. അതിൽ സി.പി.ആർ. കൊടുത്ത് റഫർ ചെയ്യേണ്ട രോഗികൾ പത്തിൽ താഴെയും ഉണ്ടാവാറുണ്ട്. ഒരു മാസത്തിൽ എമർജൻസി ഘട്ടങ്ങളിൽ റഫർ ചെയ്ത രോഗികളുടെ എണ്ണം നൂറ്റിമുപ്പതോളവും ലോക്കൽ

അനസ്തേഷ്യ നൽകി മൈനർ സർജറി ചെയ്യേണ്ട രോഗികളുടെ എണ്ണം തൊണ്ണൂറിൽ താഴെയും ഇൻട്രാൻസിറ്റ് ഡെത്ത് വിഭാഗത്തിൽ ഏഴിൽ താഴെയും ആനിമൽ ബൈറ്റ് വിഭാഗത്തിൽ ഏകദേശം ഇരുനൂറ്റി ഇരുപതോളം രോഗികളും ചികിത്സയ്ക്കായി വരുന്നുണ്ട്.

സ്ഥാപനത്തിലെ നിലവിലെ മാനവവിഭവശേഷി ചുവടെ ചേർക്കുന്നു.

| SL No. | Name of Category | Sanctioned |
|---|---|---|
| 1 | Assistant Surgeon | 7 |
| 2 | Civil Surgeon | 2 |
| 3 | Driver | 1 |
| 4 | Health Inspector | 1 |
| 5 | Health Supervisor | 1 |
| 6 | Hospital Attendant Gr. I | 1 |
| 7 | Hospital Attendant Gr. II | 3 |
| 8 | Jr. Consultant (OBG) | 2 |
| 9 | Jr. Consultant Paediatrics | 1 |
| 10 | Jr. Consultant Anaesthesia | 1 |
| 11 | Jr. Consultant Orthopaedics | 1 |
| 12 | Junior Health Inspector Gr. I/Gr. II | 5 |
| 13 | Junior P.H. Nurse Gr. I | 3 |
| 14 | Junior P.H. Nurse Gr. II | 3 |
| 15 | LD/UD Clerk | 2 |

| | | |
|---|---|---|
| 16 | Laboratory Technician | 2 |
| 17 | Lady Health Inspector/PHN | 1 |
| 18 | Lady Health Supervisor/PHNS | 1 |
| 19 | Nursing Assistant | 2 |
| 20 | Staff Nurse/Nursing Officer | 7 |
| 21 | Office Attendant | 1 |
| 22 | Optometrist Gr.II (Opthalmic Asst.) | 1 |
| 23 | Pharmacist | 2 |
| 24 | Head Nurse/Senior Nursing Officer | 1 |
| Total | | 52 |

ട്രോമാ കെയർ യൂണിറ്റിനാവശ്യമായ 51 സെന്റ് സ്ഥലം സാമൂഹികാരോഗ്യകേന്ദ്രം കോമ്പൗണ്ടിനോട് ചേർന്ന് കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് വാങ്ങി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട സ്ഥലം 2011 നവംബർ 30-ന് അന്നത്തെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. കമാലുദ്ദീൻ.എസ് -ന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

തുടർന്ന് ട്രോമാ കെയർ നിർമ്മാണവുമായി ബന്ധപ്പെട്ട സർവെ സ്കെച്ച്, ആയതിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി ബിൽഡിങ് വിഭാഗം ആലത്തൂരിലേക്ക് കത്ത്

നൽകുകയുണ്ടായി. സ്ഥലം സന്ദർശിച്ച് പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ മേൽ സ്ഥലത്തേക്ക് പോകുന്നതിനുള്ള വഴിയുടെ സൗകര്യക്കുറവ് ചൂണ്ടിക്കാണിച്ചിരുന്നു. ആയത് പരിഹരിക്കുന്നതിന് കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. തുടർന്ന് PWD അധികൃതരിൽ നിന്ന് തയ്യാറാക്കിയ എസ്റ്റിമേറ്റും പ്ലാനും ലഭ്യമായിരുന്നു. ആയത് Rough Cost എസ്റ്റിമേറ്റ് ആയതിനാൽ സർക്കാരിന്റെ ഭരണാനുമതി ലഭിക്കുന്നതിനായി പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് അധികൃതർ മുഖേന സമർപ്പിക്കേണ്ടതാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദേശം നൽകിയിരുന്നു. ആയതിൻ പ്രകാരം പി.ഡബ്ല്യു.ഡി. അധികൃതരെ ചുമതലപ്പെടുത്തുന്നതിനായി സ്ഥാപനത്തിൽനിന്ന് കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകുകയുണ്ടായി. എന്നാൽ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിൽനിന്നും പി.ഡബ്ല്യു.ഡി. അധികൃതരെ മാറ്റി പകരം നിർവഹണത്തിനായി

എൽ.എസ്.ജി.ഡി. വിഭാഗത്തെ ചുമതലപ്പെടുത്തുകയാണെങ്കിൽ പ്രൈസ് സോഫ്റ്റ്‌വെയറിൽ ഡി.പി.ആർ. തയ്യാറാക്കി നൽകാവുന്നതാണെന്നറിയിക്കുകയുണ്ടായി. ആയതിൻപ്രകാരം എൽ.എസ്.ജി.ഡി. വിഭാഗത്തെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനത്തിൽനിന്ന് പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകുകയും ആയതിന് മറുപടിയായി എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ അംഗീകരിച്ച് മേലൊപ്പ് വച്ച് പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിൽ ലഭ്യമാക്കുന്ന പക്ഷം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അനുമതി ലഭ്യാമാക്കാവുന്നതാണെന്നറിയിച്ചിരുന്നു.

ആയതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനത്തിൽ നിന്ന് കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുള്ളതും ആലത്തൂർ പൊതുമരാമത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ കെട്ടിടം നിർമ്മിക്കുവാനാവശ്യമായ ഫങ്ഷണൽ

റിക്വയർമെന്റ്സും വില്ലേജ് ഓഫീസിൽ നിന്നുള്ള ലൊക്കേഷൻ സ്കെച്ചും ആവശ്യപ്പെട്ടതനുസരിച്ച് ആയത് ലഭ്യമാക്കുന്നതിന് സ്ഥാപനത്തിൽ നിന്ന് കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് കാര്യാലയത്തിൽ നിന്നും സർവെ സ്കെച്ച് ലഭിച്ചിരുന്നു. എന്നാൽ കുഴൽമന്ദം ബ്ലോക്ക് കാര്യാലയത്തിന്റെ കീഴിൽ ആശുപത്രിയുടെ നവീകരണവുമായി ബന്ധപ്പെട്ട ട്രോമാകെയർ നിൽക്കുന്ന സ്ഥലത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിന് 14-08-2026-ലെ ബ്ലോക്ക് പഞ്ചായത്ത് കുഴൽമന്ദം, മിനിറ്റ്സിൽ അംഗീകരിച്ചിരുന്നു. എന്നാൽ ട്രോമാ കെയറിന് ഏറ്റെടുത്ത സ്ഥലത്തിന് തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പരിവർത്തനാനുമതി ആവശ്യമായതിനാൽ, ആയത് ലഭിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാനാകൂ.